**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **09-08-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഊർജ്ജസ്വലമായ ഒരു സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം രൂപീകരിക്കുന്നതിനും സ്റ്റാർട്ടപ്പ് മിഷൻ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം തുടർച്ചയായി വിശകലനം ചെയ്തുവരുന്നുണ്ട്. ഓരോ വർഷവും സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന പ്രവർത്തനങ്ങളും അതിലൂടെ ലഭ്യമായ ഫലങ്ങളും അവലോകനം ചെയ്യുന്ന 'സ്റ്റേറ്റ് ഓഫ് കേരള സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ട്' പുറത്തിറക്കുന്നുണ്ട്. |
| (ബി) | നിർമ്മാണ വ്യവസായവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൺസ്ട്രക്ഷൻ ഇന്നൊവേഷൻ ഹബ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായിട്ടുള്ള രൂപകൽപ്പന നിർമ്മാണ പ്രവർത്തനങ്ങൾ, പ്രാദേശികമായി ലഭ്യമായ സാധന സാമഗ്രികളുടെ ഉപയോഗ എന്നിവ കൈകാര്യം ചെയ്യുവാനും ഈ മേഖലകളിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളെ സഹായിക്കുവാനും ലക്ഷ്യമിട്ടുള്ള ഇന്ത്യയിലെ ആദ്യ കൺസ്ട്രക്ഷൻ ഇന്നവേഷൻ ഹബ് രൂപീകരിക്കുന്നതിനു ധാരണാപത്ര ഒപ്പുവച്ചിട്ടുണ്ട്. |
| (സി) | വിദേശത്തും സംസ്ഥാനത്തിനകത്തും സ്റ്റാർട്ടപ്പ് തുടങ്ങുന്നതിന് പ്രവാസികളെ പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹകരണം നൽകുന്നതിനും ലക്ഷ്യമിട്ട് സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ലോഞ്ച് പാഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി ലോഞ്ച് പാഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രവാസികളെ പ്രോത്സാഹിപ്പിക്കുന്നതിനും സ്റ്റാർട്ടപ്പുകൾക്ക വിദേശത്ത് വിപണന വികസനത്തിനു വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള ആദ്യ സ്റ്റാർട്ടപ്പ് ഇൻഫിനിറ്റി കേന്ദ്ര ദുബായിൽ ഉദ്ഘാടനം ചെയ്തു. ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | മറ്റു ചില രാജ്യങ്ങളിലേക്കു വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളു നടന്നു വരുന്നു. ദുബായിൽ സ്റ്റാർട്ടപ് ഇൻഫിനിറ്റി കേന്ദ്രം പ്രവർത്തന ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ